എസ്. എൻ. പുരം പ്രൈമറി ഹെൽത്ത് സെൻറർ

779 [1148] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ എസ്. എൻ. പുരം പ്രൈമറി ഹെൽത്ത് സെൻററിലെ ചികിൽസാ സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൈമറി ഹെൽത്ത് സെൻററിലെ ചികിൽസാ സൗകര്യം മെച്ചപ്പെടുത്തുന്നതിനു സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ,ബി) എസ്. എൻ. പുരം ഒരു ഗ്രാമീണ ഡിസ്പെൻസറിയാണ്. ഈ ഡിസ്പെൻസറിക്കുവേണ്ടി സൗജന്യമായി നൽകേണ്ട അംഗീകൃത മാതൃകയിലുള്ള കെട്ടിടം ഇതുവരേയും പഞ്ചായത്തോ, തദ്ദേശ കമ്മിറ്റിയോ സർക്കാരിനെ ഏൽപ്പിച്ചിട്ടില്ല. 6 കിടക്കകൾ ഉള്ള ഒരു വാർഡ് നിർമ്മിക്കുന്നതിനുള്ള അനുമതിയും ഡിസ്പെൻസറി നിർമ്മാണ കമ്മിറ്റിയ്ക്കു നൽകിയിട്ടുണ്ട്.

ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ബുദ്ധിമുട്ടുകൾ

780 [1149] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ നെടുവൻകാവ് പ്രൈമറി ഹെൽത്ത് സെൻററിലെ നിലവിലുള്ള ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തത മൂലം നാട്ടുകാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൈമറി ഹെൽത്ത് സെൻററിലെ ചികിൽസാ സൗകര്യം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ചു എന്തെങ്കിലും നടപടി ഒക്കെക്കൊണ്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സെൻററിലെ ചികിൽസാ സൗകര്യങ്ങളും കിടക്കകളുടെ എണ്ണവും വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുവൻകാവ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ അപര്യാപ്തതകൾ സർക്കാരിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) പത്തു കിടക്കകളുള്ള വാർഡ് പണിയിക്കുന്നതിനുവേണ്ട നടപടികളെടുത്തിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly